# പതിനാലാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ: **1692**.

**08-06-2018 ൽ മറുപടിയ്ക്ക്**

## കർഷകർക്കുള്ള വിവിധ പദ്ധതികൾ

**ചോദ്യം**

ശ്രീ.ഇ.പി.ജയരാജൻ
,, ബി.ഡി. ദേവസ്സി
ശ്രീമതി യു. പ്രതിഭ ഹരി
ശ്രീ.എം. രാജഗോപാലൻ

**മറുപടി**

ശ്രീ. വി.എസ്. സുനിൽകുമാർ
(കൃഷി വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | കൃഷി സംബന്ധമായ നൂതനാശയങ്ങൾ പരിചയപ്പെടുത്തുന്നതിനും വിജ്ഞാന വ്യാപനത്തിനുമായി കമ്മ്യൂണിറ്റി റേഡിയോ ആരംഭിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ; | (എ) | കൃഷി സംബന്ധമായ നൂതന ആശയങ്ങൾ പരിചയപ്പെടുത്തുന്നതിനും വിജ്ഞാന വ്യാപനത്തിനുമായി കമ്മ്യൂണിറ്റി റേഡിയോ ആരംഭിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ട്. കൃഷി വകുപ്പിന്റെ ഫാം ഇൻഫർമേഷൻ ബ്യൂറോ ആലപ്പുഴ ജില്ലയിലെ കുട്ടനാട് കമ്മ്യൂണിറ്റി റേഡിയോ സ്ഥാപിയ്ക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കേന്ദ്ര അനുമതി ലഭ്യമാകുന്ന മുറയ്ക്ക് പദ്ധതി നടപ്പിൽ വരുത്തുന്നതാണ്. |
| (ബി) | കർഷകർക്ക് കുറഞ്ഞ പലിശ നിരക്കിൽ വായ്പ ലഭ്യമാക്കുന്നതിനായി കേരള ഗ്രാമീൺ ബാങ്കുമായി ചേർന്ന് പുറത്തിറക്കിയിട്ടുള്ള ഹരിത കാർഡ്-ന്റെ വിശദാംശം നൽകുമോ; | (ബി) | 2014-15-ലെ ബജറ്റ് പ്രസംഗത്തിൽ പ്രതിപാദിച്ചതനുസരിച്ച് രജിസ്ട്രേഷൻ പൂർത്തീകരിച്ച എല്ലാ കർഷകർക്കും അഗ്രികാർഡ് വിതരണം ചെയ്യുന്നതാണെന്നും അഗ്രികാർഡുകൾ അടിസ്ഥാന രേഖയാക്കി താഴെപറയുന്ന ആനുകൂല്യങ്ങൾ കർഷകർക്ക് എളുപ്പത്തിൽ ലഭ്യമാക്കുന്നതിനുമാണ് വിഭാവനം ചെയ്തിട്ടുള്ളത്.<br><br>• കർഷകർക്കായുള്ള സർക്കാർ പദ്ധതികളുടെ എല്ലാ ആനുകൂല്യങ്ങളും മറ്റു സഹായങ്ങളും.<br>• ബാങ്കുകളിൽ നിന്നും 4.1 ശതമാനം പലിശനിരക്കിൽ കാർഷിക വായ്പ (Crop Loan).<br>• 7 ശതമാനം പലിശനിരക്കിൽ മദ്ധ്യകാല-ദീർഘകാല വായ്പകൾ. ഇതിന്റെ 50 ശതമാനം പലിശ സബ്സിഡി സർക്കാർ നൽകുന്നതാണ്. |

| | | | |
|---|---|---|---|
| | | | 13-08-2015-ലെ സർക്കാർ ഉത്തരവ് നമ്പർ (സാധാ) 1389/2015/കൃഷി പ്രകാരം അഗ്രികാർഡ് വിതരണം ചെയ്യുന്നതിനുള്ള ബാങ്കായി കേരളാ ഗ്രാമീൺ ബാങ്കിനെ തിരഞ്ഞെടുത്തു. തുടർന്ന് സർക്കാർ ഉത്തരവ് നം.(സാധാ) 1071/2016/കൃഷി, തീയതി 22-12-2016 പ്രകാരം അഗ്രികാർഡിന്റെ പേര് 'ഹരിത കാർഡ്' എന്നാക്കി മാറ്റി ചുമതലപ്പെടുത്തി ഉത്തരവായി. ഇതിന്റെ ഉദ്ഘാടനം 30/12/2016-ൽ ഇടുക്കി ജില്ലയിലെ വട്ടവട പഞ്ചായത്തിൽ വച്ച് നടന്നു. കേരളാ ഗ്രാമീൺ ബാങ്കാണ് ഹരിത കാർഡ് നൽകുന്നത്.<br>കേരളാ ഗ്രാമീൺ ബാങ്ക് നേരിട്ടാണ് ഹരിത കാർഡ് പ്രിന്റ് ചെയ്ത് വിതരണം ചെയ്യുന്നത്. കേരളാ ഗ്രാമീൺ ബാങ്ക് ഇതുവരെ 3366 ഹരിത കാർഡ് പ്രിന്റ് ചെയ്ത് കേരളാ ഗ്രാമീൺ ബാങ്ക് ബ്രാഞ്ചുകൾ വഴി വിതരണം ചെയ്യുന്നതിനായി നടപടികൾ കൈക്കൊണ്ടിട്ടുണ്ട് എന്ന് അറിയിച്ചിട്ടുണ്ട്.<br>ഇതിൽ ഇടുക്കി ജില്ലയിലെ വട്ടവട പഞ്ചായത്തിൽ 633 ഹരിത കാർഡ് കേരളാ ഗ്രാമീൺ ബാങ്ക് പ്രിൻറ് ചെയ്ത് വട്ടവട കേരളാ ഗ്രാമീൺ ബാങ്ക് ബ്രാഞ്ച് മുഖേന കർഷകർക്ക് നേരിട്ട് വിതരണം ചെയ്യുന്നു. ഇതുവരെ 122 കാർഡുകൾ കർഷകർക്ക് വിതരണം ചെയ്തതായും ബാക്കി കാർഡുകൾ കർഷകർക്ക് വിതരണം ചെയ്യുന്നതിന് നിർദ്ദേശം നല്കിയതായും കേരളാ ഗ്രാമീൺ ബാങ്ക് അറിയിച്ചിട്ടുണ്ട്. |
| (സി) | കാർഷിക ഉല്പന്ന സംസ്കരണത്തിലൂടെയും മൂല്യ വർദ്ധനവിലൂടെയും വരുമാന വർദ്ധനവ് നേടുക എന്ന ലക്ഷ്യത്തോടെ നടത്തിയ വൈഗ അന്താരാഷ്ട്ര ശില്പശാല കൂടുതൽ ജില്ലകളിൽ സംഘടിപ്പിക്കുവാൻ നടപടി സ്വീകരിക്കുമോ? | (സി) | വൈഗ അന്താരാഷ്ട്ര ശില്പശാല 2016-ന് തിരുവനന്തപുരത്തും, 2017-ൽ തൃശ്ശൂർ ജില്ലയിലുമാണ് സംഘടിപ്പിച്ചത്. കൂടുതൽ ജില്ലകളിൽ വരും വർഷങ്ങളിൽ ശിൽപശാല സംഘടിപ്പിക്കുന്നതാണ്. |

**സെക്ഷൻ ഓഫീസർ**